ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 11.02.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1) **യുനാനി ദിനത്തോടനുബന്ധിച്ച് നടക്കുന്ന രണ്ട് ദിവസത്തെ അന്താരാഷ്ട്ര സമ്മേളനം രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ഉദ്ഘാടനം ചെയ്യും.**

**President Draupadi Murmu will inaugurate the two-day international conference on Unani medicine today.**

2) **എ ഐ ഉച്ചകോടിയിൽ പങ്കെടുക്കുന്ന പ്രധാനമന്ത്രി നരേന്ദ്ര മോദി ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവേൽ മാക്രോയുമായി ഇന്ന് ഫ്രാൻസിൽ ഉഭയകക്ഷി ചർച്ച നടത്തും.**

**Prime Minister Narendra Modi will attend the AI Summit to be held in France today and will hold bilateral talks with French President Emmanuel Macron.**

3) **രാജ്യത്ത് 2024 ൽ 25,000 കോടി രൂപയുടെ ലഹരി വസ്തുക്കൾ പിടിച്ചെടുത്തതായി കേന്ദ്ര ആഭ്യന്തര മന്ത്രാലയം.**

**The Union Home Ministry informed that the seizure of drugs worth Rs 25,000 crore in the country in 2024.**

4) **ഗസയിൽ ഹമാസ് ബന്ധികളാക്കിയവരെ ശനിയാഴ്ചയ്ക്കുള്ളിൽ വിട്ടയച്ചില്ലെങ്കിൽ ഇസ്രയേൽ-ഹമാസ് വെടിനിർത്തൽ കരാർ റദ്ദാക്കണമെന്ന് അമേരിക്കൻ പ്രസിഡൻറ് ഡോണൾഡ് ട്രംപ്.**

**US President Donald Trump says a precarious ceasefire agreement between Israel and Hamas should be cancelled if Hamas doesn't return all the remaining hostages by Saturday.**

5) **ദേശീയ ഗെയിംസിൽ വനിതാ ട്രിപ്പിൾ ജംപിൽ കേരളത്തിന്റെ N V ഷീന വെള്ളിയും സാന്ദ്ര ബാബു വെങ്കലവും നേടി.**

**Kerala's N V Sheena won silver and Sandra Babu won bronze in women's triple jump at the National Games.**

==========================================

## MORN. PREZ - UNANI DAY

യുനാനി ദിനത്തോടനുബന്ധിച്ച് നടക്കുന്ന രണ്ട് ദിവസത്തെ അന്താരാഷ്ട്ര സമ്മേളനം രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും. കേന്ദ്ര ശാസ്ത്ര സാങ്കേതിക മന്ത്രി ജിതേന്ദ്ര സിങ്ങും ചടങ്ങിൽ സന്നിഹിതനാകും. ആയുഷ് മന്ത്രാലയത്തിനു കീഴിലുള്ള കേന്ദ്ര യുനാനി ചികിത്സാ ഗവേഷണ സമിതിയുടെ നേതൃത്വത്തിലാണ് സമ്മേളനം സംഘടിപ്പിക്കുന്നത്. പ്രശസ്ത യുനാനി ചികിത്സകനും അധ്യാപകനും സ്വാതന്ത്ര്യ സമരസേനാനിയുമായ ഹക്കിം അജ്മൽ ഖാന്റെ ജന്മവാർഷികദിനമായ ഫെബ്രുവരി 11 ആണ് യുനാനി ദിനമായി ആഘോഷിക്കുന്നത്.

==========================================

## PM - FRANCE – (INTRO)

പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് ഫ്രാൻസിൽ ഊഷ്മള സ്വീകരണം. എ ഐ ഉച്ചകോടിയിൽ പങ്കെടുക്കുന്ന അദ്ദേഹം ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവേൽ മാക്രോയുമായി ഉഭയകക്ഷി ചർച്ച നടത്തും.

**വിശദാംശങ്ങളിലേക്ക്......**

## – (VOICE...........)

ഫ്രാൻസിലെത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദിയെ പ്രതിരോധ മന്ത്രി സെബാസ്റ്റ്യൻ ലെകോർനു സ്വീകരിച്ചു. വിമാനത്താവളത്തിൽ നിരവധി ഇന്ത്യക്കാരാണ് പ്രധാനമന്ത്രി നേരിൽ കാണാൻ എത്തിയത്.ഫ്രാൻസിലെ ശൈത്യ കാലവസ്ഥയിൽ ലഭിച്ച ഊഷ്മള സ്വീകരണം അവിസ്മരണീയമാണെന്ന് അദ്ദേഹം സമൂഹ മാധ്യമത്തിൽ കുറിച്ചു. ഇന്നലെ ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവേൽ മാക്രോ ഒരുക്കിയ അത്താഴവിരുന്നിലും അദ്ദേഹം പങ്കെടുത്തു. പാരിസിൽ നടക്കുന്ന മൂന്ന് ദിവസത്തെ എ.ഐ ഉച്ചകോടിയ്ക്ക് ഫ്രഞ്ച് പ്രസിഡന്റിനൊപ്പം  ശ്രീ മോദി ഇന്ന് സംയുക്ത അധ്യക്ഷത വഹിക്കും. 100 രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുക്കുന്ന ഉച്ചകോടിയിൽ, നിർമിത ബുദ്ധി ഉപയോഗത്തിലെ അന്താരാഷ്ട്ര മാനദണ്ഡങ്ങൾ, ഉത്തരവാദിത്തത്തോടെയുള്ള എ.ഐ ഉപയോഗം എന്നിവ സംബന്ധിച്ച നിർണായക ചർച്ചകൾ നടക്കും. ഫ്രാൻസിലെ ആദ്യ ഇന്ത്യൻ കോൺസുലേറ്റ് അദ്ദേഹം മാർസലയിൽ ഉദ്ഘാടനം ചെയ്യും.  International Thermonuclear Experimental Reactor പദ്ധതിയും പ്രധാനമന്ത്രി സന്ദർശിക്കും. ലോക മഹായുധത്തിൽ ജീവൻ നഷ്ടപ്പെട്ട സൈനികരുടെ ഓർമയ്ക്കായി പണികഴിപ്പിച്ച മസാർഗ്വയ്സ് യുദ്ധ സ്മാരകവും പ്രധാനമന്ത്രി നരേന്ദ്ര മോദി സന്ദർശിക്കും. ഫ്രാൻസ് സന്ദർശനം പൂർത്തിയാക്കി പ്രധാനമന്ത്രി നാളെ അമേരിക്കയിലെത്തും.

ന്യൂസ് ഡെസ്ക്, ആകാശവാണി....

=========================================

## PARLIAMENT TODAY

പാർലമെന്റിന്റെ ഇരുസഭകളിലും 2025-2026 വർഷത്തെ കേന്ദ്ര ബജറ്റിൻമേലുള്ള ചർച്ച ഇന്നും തുടരും. ഇരുസഭകളിലും ഭരണ-പ്രതിപക്ഷ അംഗങ്ങൾ ചർച്ചയിൽ ഇന്നലെ പങ്കെടുത്തു. തൊഴിലില്ലായ്മ, പണപ്പെരുപ്പം എന്നിവയുൾപ്പെടെ ജനങ്ങൾ നേരിടുന്ന യഥാർത്ഥ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ ബജറ്റ് പരാജയപ്പെട്ടുവെന്ന് ഡിഎംകെ അംഗം ദയാനിധി മാരൻ ലോക്സഭയിൽ നടന്ന ചർച്ചയിൽ പറഞ്ഞു. എന്നാൽ എല്ലാ മേഖലകൾക്കും ബജറ്റിൽ നല്ല രീതിയിൽ വിഹിതം വകയിരുത്തിയിട്ടുണ്ടെന്നും രാജ്യത്തിന്റെ ക്ഷേമം മുൻ നിർത്തിയുള്ള ബജറ്റാണ് ഇതെന്നും ബിജെപി എംപി അനുരാഗ് സിംഗ് ഠാക്കൂർ വ്യക്തമാക്കി. രാജ്യസഭയിൽ ഇന്നലെ Protection of Interests in Aircraft Objects Bill 2025 അവതരിപ്പിച്ചു. വ്യോമയാന മന്ത്രി രാം മോഹൻ നായിഡുവാണ് ബിൽ അവതരിപ്പിച്ചത്. രാജ്യത്തെ വ്യോമയാന മേഖലയെ സാമ്പത്തികമായി ശക്തിപ്പെടുത്തുന്നതിനാണ് ബിൽ ലക്ഷ്യമിടുന്നത്.

=========================================

## MORN. DRUG SEIZURE

രാജ്യത്ത് 2024 ൽ **25,000 കോടി** രൂപയുടെ ലഹരി വസ്തുക്കൾ പിടിച്ചെടുത്തതായി കേന്ദ്ര ആഭ്യന്തര മന്ത്രാലയം. 2023-ൽ ഇത് **16,000 കോടി** രൂപയുടെ ലഹരി വസ്തുക്കളായിരുന്നെന്നും 55 ശതമാനത്തിന്റെ വർദ്ധനയാണ് ഉണ്ടായതെന്നും മന്ത്രാലയം അറിയിച്ചു. മയക്കുമരുന്നിനെതിരായ സർക്കാരിന്റെ വിട്ടുവീഴ്ചയില്ലാ നയത്തിന്റെ ഭാഗമായാണ് ഇതെന്നും മന്ത്രാലയം വ്യക്തമാക്കി.

സിന്തറ്റിക് ഡ്രഗ്സ്, കൊക്കൈൻ, ഫാർമസ്യൂട്ടിക്കൽ ഡ്രഗ്സ് എന്നിവ ഉൾപ്പെടെ പിടിച്ചെടുത്തതായി മന്ത്രാലയം പ്രസ്താവനയിൽ അറിയിച്ചു. 2024 ൽ 1,426 കിലോഗ്രാമും 2023ൽ 292 കിലോഗ്രാമും കൊക്കൈൻ പിടിച്ചെടുത്തു. 2024ൽ 61 ക്വിൻറൽ ഹാഷിഷ് പിടിച്ചെടുത്തതായും 2023ൽ ഇത് 34 ക്വിൻറൽ ആയിരുന്നതായും മന്ത്രാലയം അറിയിച്ചു.

==================================================

**US-TRUMP-GAZA**

ഗസയിൽ ഹമാസ് ബന്ധികളാക്കിയവരെ ശനിയാഴ്ചയ്ക്കുള്ളിൽ വിട്ടയച്ചില്ലെങ്കിൽ ഇസ്രയേൽ-ഹമാസ് വെടിനിർത്തൽ കരാർ റദ്ദാക്കണമെന്ന് അമേരിക്കൻ പ്രസിഡൻറ് ഡോണൾഡ് ട്രംപ്. അവസാന തീരുമാനം ഇസ്രയേലിൻറേതാണെങ്കിലും കനത്ത പ്രത്യാഘാതങ്ങൾ ഉണ്ടായേക്കുമെന്നും ട്രംപ് മുന്നറിയിപ്പ് നൽകി. ബന്ധികളാക്കപ്പെട്ടവരെക്കുറിച്ച് ആശങ്ക ഉണ്ടെന്നും അദ്ദേഹം പറഞ്ഞു.

==================================================

**US- UKRAINE- RUSSIA**

റഷ്യ- യുക്രെൻ യുദ്ധം അവസാനിപ്പിക്കാൻ ലക്ഷ്യമിട്ട് അമേരിക്കൻ പ്രസിഡൻറ് ഡോണൾഡ് ട്രംപിന്റെ മുതിർന്ന ഉപദേശക സംഘം യുക്രെനിയൻ പ്രസിഡൻറ് വോളോഡിമിർ സെലൻസ്കിയുമായി ഈ ആഴ്ച ചർച്ച നടത്തിയേക്കും. മ്യൂണിച്ച് സുരക്ഷാ കോൺഫറൻസിന്റെ ഭാഗമായാണ് കൂടിക്കാഴ്ച. ചർച്ചയിൽ ഏറെ പ്രതീക്ഷ ഉള്ളതായി അമേരിക്ക അറിയിച്ചു.

==================================================

**INDIA UK**

നാലാമത് ഇന്ത്യ- യുകെ ഊർജ്ജ സംവാദം ഇന്നലെ ന്യൂഡൽഹിയിൽ നടന്നു. കേന്ദ്ര മന്ത്രി മനോഹർ ലാൽ, യുകെ ഊർജ്ജ സുരക്ഷ സെക്രട്ടറി എഡ് മിലിബാൻഡ് എന്നിവർ

സഹഅധ്യക്ഷത വഹിച്ചു. ഊർജ മേഖലയിൽ
ഇരു രാജ്യങ്ങളും കൈവരിച്ച പുരോഗതി അവലോകനം ചെയ്തു.
താങ്ങാവുന്നതും ശുദ്ധവുമായ ഊർജത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ച്
ഊർജ- സാമ്പത്തിക വളർച്ച കൈവരിക്കണമെന്ന്
ഇരു രാജ്യങ്ങളും അഭിപ്രായപ്പെട്ടു.

=============================================

**JITENDRA-BIOWASTE**

ഇന്ത്യ തദ്ദേശീയമായി വികസിപ്പിച്ച ആദ്യ ഓട്ടോമേറ്റഡ്
ബയോ മെഡിക്കൽ വേയ്സ്റ്റ് ട്രീറ്റ്മെന്റ് റിഗ് കേന്ദ്രമന്ത്രി
ജിതേന്ദ്ര സിങ് ന്യൂഡൽഹി എയിംസിൽ ഉദ്ഘാടനം
ചെയ്തു. തിരുവനന്തപുരം നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ
ഇന്റർ ഡിസിപ്ലിനറി സയൻസ് ആൻഡ് ടെക്നോളജിയാണ്
റിഗ് വികസിപ്പിച്ചിരിക്കുന്നത്. സുസ്ഥിര-പാരിസ്ഥിതിക
ആവശ്യകതകളും മാലിന്യത്തിൽ നിന്ന് ഊർജം എന്ന
കാഴ്ചപ്പാടുകളും ഉൾക്കൊണ്ടാണ് കണ്ടുപിടിത്തമെന്ന് ചടങ്ങിൽ
പങ്കെടുത്തുകൊണ്ട് കേന്ദ്രമന്ത്രി പറഞ്ഞു.

=============================================

**MORN. INDIA ENERGY WEEK**

ഈ വർഷത്തെ ഇന്ത്യൻ ഊർജ വാരാഘോഷത്തിന് ഇന്ന്
ന്യൂഡൽഹിയിൽ തുടക്കമാകും. നാലു ദിവസത്തെ പരിപാടി
പ്രധാനമന്ത്രി നരേന്ദ്രമോദി വെർച്വലായി ഉദ്ഘാടനം
ചെയ്യുമെന്ന് കേന്ദ്ര പെട്രോളിയം പ്രകൃതിവാതക മന്ത്രി
ഹർദീപ് സിങ് പുരി ന്യൂഡൽഹിയിൽ അറിയിച്ചു.
ഊർജ മേഖലയിൽ നടക്കുന്ന ലോകത്തെ രണ്ടാമത്തെ വലിയ
പരിപാടിയായിരിക്കും ഇതെന്നും അദ്ദേഹം പറഞ്ഞു.

=============================================

## ASSEMBLY

സംസ്ഥാന ബജറ്റിൽ രണ്ടാം ദിവസമായ ഇന്നും നിയമസഭയിൽ ചർച്ച തുടരും. മൂന്നു ദിവസമാണ് ബജറ്റ് ചർച്ചകൾക്കായി സമയം അനുവദിച്ചിരിക്കുന്നത്-ഇന്നലെ ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ ചർച്ചയ്ക്ക് തുടക്കമിട്ടു. സംസ്ഥാനത്ത് സ്വകാര്യ സർവ്വകലാശാലകൾക്ക് പ്രവർത്തനാനുമതി നൽകുന്ന ബിൽ ഈ നിയമസഭാ സമ്മേളനത്തിൽ അവതരിപ്പിക്കുമെന്ന് മന്ത്രി R ബിന്ദു പറഞ്ഞു. കേരളത്തെ വിജ്ഞാന സമ്പദ് വ്യവസ്ഥയിലേക്ക് നയിക്കാൻ ലക്ഷ്യമിട്ടാണ് ബില്ലിന് മന്ത്രിസഭ അംഗീകാരം നൽകിയതെന്നും അവർ പറഞ്ഞു.

===============================================

## STATE CABINET

കേരളത്തിൽ സ്വകാര്യ സർവകലാശാലകൾ സ്ഥാപിക്കുന്നതിനും അവയുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനുമായി നിയമനിർമ്മാണങ്ങൾ നടത്തുന്നതിനുമുള്ള സ്വകാര്യ സർവ്വകലാശാലകൾ കരട് ബില്ല് -2025 സംസ്ഥാന മന്ത്രിസഭയോഗം അംഗീകരിച്ചു. ഭേദഗതിയിൽ സംസ്ഥാനത്തിനും രാജ്യത്തിനും പുറത്ത് സ്റ്റഡി സെന്ററുകൾ സ്ഥാപിക്കുന്നതിന് സർവകലാശാലകളെ അനുവദിക്കുന്ന രണ്ടാം ഉപവകുപ്പ് ഒഴിവാക്കും. ബിൽ നിയമമാകുമ്പോൾ സർവകലാശാലകളിൽ നിലവിലുള്ള സിൻഡിക്കേറ്റ്, സെനറ്റ്, അക്കാഡമിക് കൗൺസിൽ, ഫാക്കൽറ്റി, ബോർഡ് ഓഫ് സ്റ്റഡീസ് എന്നിവ പുനഃസംഘടിപ്പിക്കാൻ വരുന്ന കാലതാമസം ഒഴിവാക്കുന്നതിനായി ഭേദഗതി ബില്ലുകളിൽ പ്രത്യേക വ്യവസ്ഥ ഉൾപ്പെടുത്തും.

===============================================

## SNAKE BITE

മനുഷ്യ-വന്യജീവി സംഘർഷത്തിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്ന് സഹായം അനുവദിക്കുന്നതിന് പുതിയ മാനദണ്ഡങ്ങൾക്ക് ദുരന്ത നിവാരണ അതോറിറ്റിയുടെ എക്സിക്യൂട്ടീവ് കമ്മറ്റി അന്തിമരൂപം നൽകി. പാമ്പ് കടിയേറ്റുള്ള മരണം പുതുക്കിയ മാനദണ്ഡപ്രകാരം ലിസ്റ്റിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചു. പാമ്പ് കടിയേറ്റുള്ള മരണത്തിന് 4 ലക്ഷം രൂപ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്ന് നൽകും.

==================================================

## NATIONAL GAMES

ദേശീയ ഗെയിംസിൽ ഇന്നലെ വനിതാ ട്രിപ്പിൾ ജമ്പിൽ കേരളത്തിന് വെള്ളിയും വെങ്കലവും. NV ഷീന വെള്ളിയും സാന്ദ്ര ബാബു വെങ്കലവും നേടി. പോയിൻറ് പട്ടികയിൽ സർവീസസ് ഒന്നാമതും മഹാരാഷ്ട്ര രണ്ടാം സ്ഥാനത്തും കർണാടക മൂന്നാം സ്ഥാനത്തുമാണ്. കേരളം നിലവിൽ ഒൻപതാം സ്ഥാനത്താണ്.

==================================================

## MORN. BADMINTON-ASIA C'SHIP

ബാഡ്മിന്റൺ ഏഷ്യ മിക്സഡ് ടീം ചാമ്പ്യൻഷിപ്പ് 2025 ന് ഇന്ന് ചൈനയിൽ തുടക്കമാകും. ഇന്ത്യൻ ടീമിനെ ലക്ഷ്യസെൻ, മാളവിക ബൻസോദ് എന്നിവർ നയിക്കും. പുരുഷ സിംഗിൾസിൽ ലക്ഷ്യസെന്നും എച്ച് എസ് പ്രണോയും വനിതാ സിംഗിൾസിൽ ഇന്ത്യയുടെ രണ്ടാം നമ്പർ താരം മാളവിക ബൻസോദും മാറ്റുരയ്ക്കും.

==================================================

## CHESS -FREESTYLE GRAND SLAM

ഫ്രീസ്റ്റൈൽ ഗ്രാൻറ് സ്ലാം ചെസിൽ ക്വാർട്ടർ ഫൈനലിൽ ലോക ചാമ്പ്യൻ ഡി ഗുകേഷിന് പരാജയം. രണ്ടാം സെറ്റിൽ യുഎസ് താരം ഫാബിയാനോ കർവാനയോടാണ് ഗുകേഷ് പരാജയപ്പെട്ടത്.

==============================================

## PARIKSHA PE CHARCHA – (INTRO)

പഠനത്തിൽ പോഷക ആഹാരം, മാനസിക ആരോഗ്യം, സമഗ്ര വളർച്ച എന്നിവയുടെ പ്രാധാന്യത്തെ കുറിച്ച് പരീക്ഷാ പേ ചർച്ചയുടെ 8-ാാം പതിപ്പിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി വിദ്യാർത്ഥികളുമായി ആശയങ്ങൾ പങ്കുവെച്ചു.

**(HOLD FOR BYTE...........)**

==============================================

## CHILD DEATH

പേവിഷബാധയെ തുടർന്ന് തിരുവല്ലയിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിൽ കഴിഞ്ഞിരുന്ന കുട്ടി മരിച്ചു. പറയംകുളം സെയ്ന്റ് ജോസഫ്സ് സ്കൂളിലെ നാലാം ക്ലാസ് വിദ്യാർത്ഥി ആലപ്പുഴ ചാരുംമൂടിലെ എട്ട് വയസ്സുകാരൻ സാവൻ കൃഷ്ണയാണ് മരിച്ചത്.

==============================================

**ELEPHANT IDUKKI**

ഇടുക്കി പെരുവന്താനം കൊമ്പൻപാറയിൽ കാട്ടാന ആക്രമണത്തിൽ കൊല്ലപ്പെട്ട സോഫിയയുടെ പോസ്റ്റ്മോർട്ടം ഇന്ന് നടക്കും. ജില്ല കളക്ടർ എത്തി പ്രതിഷേധക്കാരുമായി ചർച്ച നടത്തിയതോടെയാണ് രാത്രി വൈകി മൃതദേഹം വിട്ടുനൽകിയത്. സോഫിയയുടെ കുടുംബത്തിന് ഇന്ന് 10 ലക്ഷം രൂപ ധനസഹായം നൽകും. ഇന്ന് തന്നെ ധനസഹായം കൈമാറുമെന്നും മകൾക്ക് ജോലി നൽകുമെന്നും ജില്ലാ കളക്ടർ ഉറപ്പുനൽകി. ഇടുക്കി ജില്ലയിൽ ഒരാഴ്ചയ്ക്കിടെ രണ്ടാമത്തെ ആളാണ് കാട്ടാന ആക്രമണത്തിൽ കൊല്ലപ്പെടുന്നത്.

==========================================

**BIHAR - STUDENTS**

ബിഹാറിൽ വിരയ്ക്കുള്ള പ്രതിരോധ ഗുളിക കഴിച്ചതിനെ തുടർന്ന് 24-ൽ അധികം കുട്ടിക്കൾക്ക് അസ്വസ്ഥത അനുഭവപ്പെട്ടു. കിഴക്കൻ ചമ്പാരനിലെ സർക്കാർ സ്കൂളിലാണ് സംഭവം.

==========================================

==========================================